(ഡി) കേരളത്തിന്റെ ധന കമ്മി 2014-15-ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം ജി.എസ്.ഡി.പി.-യുടെ 3.10% ആണ്. ധന കമ്മി പരിഹരിക്കുന്നതിന് കേന്ദ്ര വായ്പയിൽ തിരിച്ചടക്കാൻ ബാക്കിയുള്ള മുഴുവൻ തുകയും എഴുതി തള്ളുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) സംസ്ഥാനത്തിന്റെ ധന കമ്മി പതിനാലാം ധനകാര്യ കമ്മീഷൻ 2015-20 കാലയളവിൽ ജി.എസ്.ഡി.പി.-യുടെ 3% ആയി നിശ്ചയിച്ചിട്ടുണ്ട്.

സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം

201 (547) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം നിലവിൽ എത്ര ശതമാനമാണ് ; 2011-12 മുതൽ 2014-15 വർഷം വരെ ഓരോ വർഷവും എത്ര തുക വീതം കേന്ദ്ര നികുതി വിഹിതം ഇനത്തിൽ ലഭിക്കുകയുണ്ടായി ; ഓരോ വർഷവും ലഭിച്ച തുക എത്ര കോടി വീതമായിരുന്നു ;

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേൽ കേന്ദ്ര ഗവൺമെന്റ് എടുത്ത തീരുമാനത്തിന്റെയടിസ്ഥാനത്തിൽ, സംസ്ഥാനത്തിന് ലഭിക്കുമെന്ന് കരുതുന്ന കേന്ദ്ര നികുതി വിഹിതം എത്ര ശതമാനമാണ് ; അപ്രകാരം 2015-16 വർഷത്തിൽ ലഭിക്കുമെന്ന് കരുതാവുന്ന കേന്ദ്ര നികുതി വിഹിതം എത്ര കോടിയായിരിക്കും ;

(സി) ജി.എസ്.ടി. നടപ്പിലാക്കുമ്പോഴുണ്ടാകുന്ന 2015-16-ലെ നഷ്ടം എത്ര കോടിയായിരിക്കുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കേന്ദ്ര തനതു നികുതി വരുമാനത്തിന്റെ 32% ആണ് നിലവിൽ സംസ്ഥാനങ്ങൾക്കായി ശിപാർശ ചെയ്തിട്ടുള്ളത്. ഇതിൽ കേരളത്തിന്റെ വിഹിതം 2.341% ആണ് :

2011-12 - 5990.36 കോടി രൂപ

2012-13 - 6840.65 കോടി രൂപ

2013-14 - 7468.68 കോടി രൂപ

2014-15 - 7328.24 കോടി രൂപ (2-3-2015 വരെ)

LIBRARY ARCHIVES Kerala Legislative Assembly

(ബി) പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശയിന്മേലുള്ള കേന്ദ്ര ഗവൺമെന്റ് എടുത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭിക്കുമെന്ന് കരുതുന്ന കേന്ദ്ര നികുതി വിഹിതം 2.50% (സർവ്വീസ് നികുതി ഒഴികെ) കൂടാതെ സർവ്വീസ് നികുതിയുടെ 2.526 % വും കേരളത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതമായി 13121.77 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേരളം ഒരു ഉപഭോക്തൃ സംസ്ഥാനം ആയതിനാലും GST ഒരു Destination based നികുതി ഘടന ആയതിനാലും കേരളത്തിന് ഉണ്ടാകുമാണെന്നാണ് നിഗമനം. ആയതിനാൽ GST നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് നികുതി നഷ്ടം ഉണ്ടാകാൻ സാധ്യതയില്ല. നഷ്ടമുണ്ടായാൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള വ്യവസ്ഥ കേന്ദ്ര സർക്കാർ 122-ാം ഭരണഘടനാ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം

202 (548) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷം ഓരോ വകുപ്പിനും ബഡ്ജറ്റിലൂടെ ചെലവഴിക്കാനായി അനുവദിച്ച തുക എത്ര വീതമായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ബി) പ്ലാൻ, നോൺപ്ലാൻ ഇനത്തിൽ ഓരോ വകുപ്പും ഇതുവരെ ചെലവഴിച്ച തുക എത്രവീതമാണ് പ്രത്യേകം വ്യക്തമാക്കാമോ ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി കിട്ടിയത് എത്ര വീതമായിരുന്നു ; ഇതുവരെ ചെലവഴിക്കപ്പെട്ട തുക എത്ര വീതമായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) 2014-15 സാമ്പത്തിക വർഷം വകുപ്പുകൾക്ക് വിവിധ ധനഭ്യാർത്ഥനകളിലായി ചെലവഴിക്കുന്നതിനുവേണ്ടി പ്ലാൻ-നോൺപ്ലാൻ ഇനങ്ങളിൽ അനുവദിച്ച തുക, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015 ജനുവരി 31 വരെ ചെലവഴിക്കപ്പെട്ട തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി വകയിരുത്തിയ വിഹിതം 2015 ജനുവരി 31 വരെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly